

FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ

HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)

31 JANUARY 2020

05 JAMADI'UL AAKHIR 1441 AH

# WHO IS A MUSLIM ?
# ആരാണ് മുസ്ലിം?

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം **ആരാണ് മുസ്ലിം** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

അല്ലാഹു(ത) വിശുദ്ധഖുർആനിൽ പറയുന്നു. മനുഷ്യരെയും ജിന്നുകളെയും നാം സൃഷ്ടിച്ചത് എന്നെ ആരാധിക്കുന്നതിനു വേണ്ടി മാത്രമാണ്. 51:57 (അദ്ദാരിയാത്ത്) കൂടുതൽ വ്യക്തത നല്കികൊണ്ട് അല്ലാഹു(ത) പറയുന്നു. അല്ലയോ സത്യവിശ്വാസികളെ ! നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടേണ്ട രീതിയൽ ഭയപ്പെടുക. പരിപൂർണ്ണമായും അനുസരണം പുലർത്തി ആയിരിക്കണം നിങ്ങൾ മരണം വരിക്കേണ്ടത്. അല്ലാഹു(ത) ഒരു കാര്യം വ്യക്തമാക്കുവാൻ ആഗ്രഹിക്കുകയാണ്. അതായത് തന്റെ സൃഷ്ടാവിനെ അറിയാതെ മരണപ്പെടുന്നുവാൻ ആത്മീയാന്ധനായാണ് മരണപ്പെടുന്നത്. വിശുദ്ധഖുർആൻ ഇതു സംബന്ധമായി പറയുന്നത്. ഇഹലോകത്തു അന്ധനായവൻ പരലോകത്തും അന്ധനായിരിക്കും (17:73)

മുസ്ലിംകൾ ആണെന്ന് സ്വയം അവകാശപ്പെടുന്ന എല്ലാവർക്കും ഗൗരവവാഹമായ ഒരു വെല്ലുവിളിയാണ് ഈ വചനം. എന്നാൽ ഇന്നത്തെ സാഹചര്യം എന്താണ്? മുസ്ലിംകളിൽ ബഹുഭൂരിഭാഗവും ഒരു ബോട്ടിൽ കയറി പോകുന്ന യാത്രക്കാരെപോലെയാ

ണ്. അത് ജലത്തിലൂടെ പോകുന്നു. എന്നാൽ തുഴകൾ നഷ്ടപ്പെട്ടുപോയിരിക്കുന്നു. കൂറ്റൻ തിരമാലകൾ അതിനെ കീഴ്മേൽ മറിക്കുന്നു. അപ്പോൾ നാം സർവ്വനാശത്തിലല്ലേ? സംശയലേശമന്യേ (നാം, മുസ്ലിംകൾ) ഈ സാഹചര്യം ഇതുപോലെ തുടരുകയാണെങ്കിൽ, നാമെല്ലാം നഷ്ടകാരികളായി തീരുന്നതാണ്. അതു മാത്രമല്ല വിശുദ്ധഖുർആൻ പറയുന്നു. കാലത്തെകൊണ്ട് സത്യം മനുഷ്യൻ നഷ്ടത്തിൽ തന്നെയാണ്. സത്യത്തിൽ വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ അനുഷ്ഠിക്കുകയും സത്യം സ്വീകരിക്കുവാനും സ്ഥിരചിത്തത കൈക്കൊള്ളാനും പരസ്പരം ഉപദേശിക്കുകയും ചെയ്യുന്നവരൊഴികെ (103:2-4)

പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫ(സ) ഒരിക്കൽ അബൂദർദാ(റ)നോട് പറയുകയുണ്ടായി. ഓ! അബൂദർദാ! എപ്പോഴും നീ മരണത്തെ ഓർത്തിരിക്കുക. എപ്പോഴാണ് ഒരാൾ മരിക്കുക എന്ന് ഒരാൾക്കും അറിയില്ല. മരണത്തിന്റെ ഒരടയാളവും അവനുണ്ടാകുന്നില്ല. ആയതിനാൽ നിങ്ങൾ അടുത്ത നിമിഷം മരിക്കുവാൻ പോവുകയാണ് എന്ന നിലയിൽ പ്രവർത്തിക്കുക. മരണത്തെ നേരിടുവാൻ നിങ്ങൾ തയ്യാറായിരിക്കുക. (മറ്റൊരു വാക്കിൽ പറഞ്ഞാൽ മരണശേഷം നിങ്ങളുടെ രക്ഷിതാവിനെ കണ്ടു മുട്ടുവാൻ നിങ്ങൾ തയ്യാറായിരിക്കുക.)

നമുക്ക് നമ്മോട് തന്നെ ഇതിന്റെ ചോദ്യവും ഉത്തരവും നിഷ്ക്കളങ്കമായും തുറന്നും ചോദിക്കാം. ഒരു മുസ്ലിമിനെപോലെ മരിക്കുവാൻ നാം തയ്യാറാണോ? ഇതിന്റെ ഉത്തരം നമ്മുടെ ഉള്ളിന്റെ ആഴത്തിൽ കിടക്കുകയാണ്. ഈ സത്യത്തെ അഭിമുഖീകരിക്കുവാൻ നമുക്ക് യഥാർത്ഥത്തിൽ ധൈര്യമുണ്ടോ? എളുപ്പ വഴി നമുക്ക് അഭിനയിക്കുവാൻ കഴിയും എന്നതാണ്, വിവിധ അഭിപ്രായങ്ങൾ രേഖപ്പെടുത്തുവാനും കഴിയും. അല്ലെങ്കിൽ കള്ളം പറയുവാനും കഴിയും. എന്നാൽ അല്ലാഹു, നമ്മുടെ സൃഷ്ടാവ് അവന് ഈ കാര്യം നമ്മളെക്കാൾ നന്നായി അറിയാം. നമ്മുടെ ഹൃദയങ്ങളിൽ ഉള്ളത് എന്താണെന്ന് ഏറ്റവും നന്നായി അറിയുന്നവൻ അവൻ മാത്രമാണ്.

എല്ലാം മറന്നുകൊണ്ട്, എല്ലാം അവഗണിച്ചുകൊണ്ട്,

മനുഷ്യൻ ഭൗതികനേട്ടത്തിന്റെയും സന്തോഷത്തിന്റെയും പിടിയിലമർന്നിരിക്കുകയാണ്. അവൻ വളരെ പെട്ടെന്ന് തന്നെ മരണത്തെ അഭിമുഖീകരിക്കേണ്ടതായി വരും എന്നത് മറന്നിരിക്കുന്നു. ആധുനിക പരിഷ്ക്കാരവും, അങ്ങനെ ആധുനികമായുള്ളതെല്ലാം മുസ്ലിംകളെ ആകർഷിച്ചിരിക്കുന്നു. വിശിഷ്യയുവതലമുറയെ! ഈ മുസ്ലിംകൾ ആനന്ദത്തിന്റെ അടിമകളായി തീർന്നിരിക്കുന്നു. അവരുടെ ആത്മാക്കളിൽ നിന്നും അവരുടെ ഭവനങ്ങളിൽ നിന്നും ഇസ്ലാമിന്റെ തത്വങ്ങളും പരിശുദ്ധ പ്രവാകൻ മുഹമ്മദ് മുസ്തഫ(സ)യുടെ സുന്നത്തിനെയും അപ്രത്യക്ഷമാക്കിയിരിക്കുകയാണ്. അവരുടെ ഹൃദയങ്ങളിലിപ്പോൾ അനിസ്ലാമിക ആചാരങ്ങളും നാട്ടുനടപ്പുകളും തത്വങ്ങളുമാണ്.

ഒരു മുസ്ലിമും ഒരു അമുസ്ലിമും തമ്മിൽ സവിശേഷമായ വ്യത്യാസമുണ്ട്. ദൗർഭാഗ്യവശാൽ വളരെയധികം മുസ്ലിംകളും ഈ അതിർവരമ്പ് കടന്നിരിക്കുന്നു. ഇനി അവർ ഇസ്ലാമിക ചിട്ടവട്ടങ്ങളിലേക്ക് മടങ്ങി വരുന്നില്ലെങ്കിൽ, അവർ ഭയാനകമായ നിലയിൽ നിരാശരായി തീരുന്നതാണ്. അതിലെ അപകടാവസ്ഥ അവർ നഷ്ടപ്പെട്ടവരായി തീരുന്നതാണ് എന്നതാണ്.

അപ്പോൾ പിന്നെ ശരിയായ പാതയിലേക്ക് മടങ്ങിവരുവാനുള്ള മാർഗമെന്താണ്? പശ്ചാത്തപിക്കുക, മാപ്പിരക്കുക, ഒടുവിൽ ഒരു നല്ല മുസ്ലിമിനെപോലെ ജീവിതം ജീവിക്കുക. അല്ലാഹു(ത) പറയുന്നു. നമ്മുടെ കാര്യത്തിൽ പരിശ്രമിക്കുന്നവരാരോ അവരെ തീർച്ചയായും നാം നമ്മുടെ മാർഗങ്ങളിൽ നയിക്കുന്നതാണ്. അല്ലാഹു നിശ്ചയമായും സദ്‌വൃത്തരുടെകൂടെയാകുന്നു. 29:70 (അൽ അൻകബൂത്ത്)

ഈ വചനം അർത്ഥമാകുന്നത് ഒരുവൻ എല്ലായ്പ്പോഴും ഒരു നല്ല മുസ്ലിമായി തന്റെ ജീവിതം ജീവിക്കേണ്ടതാണ്. അതനുസരിച്ച് പ്രവർത്തിക്കേണ്ടതാണ്. അല്ലാഹു(ത) വീണ്ടും പറയുന്നു. ഇത് മഹത്തായ ഗ്രന്ഥമാകുന്നു. അതിൽ ഒരു സംശയത്തിനുമിടമില്ല. ദൈവഭക്തർക്ക് മാർഗദർശകമാകുന്നു. (2:3) അൽബഖറ:

അല്ലാഹുവിനോടുള്ള തന്റെ ഉത്തരവാദിത്വങ്ങൾ നിറവേറ്റാത്തവർക്ക് പ്രയോജനം ലഭിക്കുന്ന യാതൊരു മാർഗ്ഗനിർദ്ദേശവും,

മാർഗ്ഗദർശനവും അതിലില്ല.

പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫ(സ) പറഞ്ഞു. മറ്റുള്ളവരുടെ മാതൃക പിൻപറ്റുന്നവൻ, അവൻ അവരിൽപെട്ടവനാണ്. മുസ്ലിം രാജ്യങ്ങളിൽ യഥാർത്ഥത്തിൽ സംഭവിച്ചിട്ടുള്ളത് അതാണ്. സത്യത്തിൽ ഇന്നത്തെ മുസ്ലിംകൾ അമുസ്ലിംകളുടെ ജീവിത വഴി സ്വീകരിച്ചിരിക്കുകയാണ്. അതോ ഇസ്ലാമിക തത്വങ്ങൾക്ക് തികച്ചും എതിരാണ്. ഇസ്ലാം, മുസ്ലിംകൾക്ക് തത്വങ്ങൾ നല്കിയിരിക്കുന്നത്, അത് തങ്ങൾ സ്വയം നടപ്പിലാക്കി, ഭൂമിയിൽ തന്റെ ദൗത്യം നിർവ്വഹിക്കുവാനാണ്. നാം വിശുദ്ധഖുർആനും വിശുദ്ധ റസൂൽ കരീം (സ)യുടെ അധ്യാപനവും പിന്തുടരുന്നുവെങ്കിൽ, നാം തീർച്ചയായും, സംശയലേശമന്യേ നിയമങ്ങളും തത്വങ്ങളും കണ്ടെത്തുന്നതാണ്, അത് വ്യക്തവും ശക്തവുമാണ്, അതു വിജയം ഈലോകത്തും, പരലോകത്തും നല്കുന്നതുമാണ്.

ഈ മാറ്റത്തിന് എന്തുകൊണ്ട് പുതുതലമുറ തയ്യാറാകുന്നില്ല? ഇസ്ലാമിക ജീവിതരീതിയിൽ ജീവിക്കുന്നതും, വസ്ത്രം ധരിക്കുന്നതും പഴഞ്ചൻ ഏർപ്പാട് ആയതുകൊണ്ടാണോ? അതോ ഇനി മറ്റുവല്ല കാരണങ്ങളുമുണ്ടോ? എന്തുതന്നെ ആയാലും ശരി, കാരണം വളരെ നിസ്സാരമാണ്, നമ്മുടെ കൺമുൻപാകെ അതു ശരിയാണെന്ന് തെളിയുകയും ചെയ്യുന്നു. ഇസ്ലാമിക അധ്യാപനങ്ങളെ അവർ ഉപേക്ഷിച്ചിരിക്കുന്നു. അവരുടെ ഹൃദയങ്ങൾ നിറയെ തിന്മകളാൽ നിറയപ്പെട്ടിരിക്കുന്നു. അനേകം ഉദാഹരണങ്ങളിൽ നിന്നും ഇതാ ഒരെണ്ണം, മുസ്ലിം സ്ത്രീകൾ അവരുടെ വസ്ത്രധാരണത്തിൽ സ്വീകരിച്ച വഴിയും സ്വാതന്ത്ര്യവുമാണ്. അവരെങ്ങനെ വസ്ത്രം ധരിക്കുന്നു എന്നത് പ്രശ്നമല്ല, അവരുടെ തല എപ്പോഴും തുറന്നു കിടക്കുന്നു. എന്നാൽ വിശുദ്ധഖുർആൻ വ്യക്തമായി പറയുന്നു. അവരുടെ സൗന്ദര്യം അവർ വെളിപ്പെടുത്തരുത്. അവർ തങ്ങളുടെ ശിരോവസ്ത്രംകൊണ്ട് തങ്ങളുടെ മാറിടത്തിൻ മേൽ താഴ്ത്തിയിട്ട് മാടിപ്പുതയ്ക്കേണ്ടതാണ്. (24:32) സൂറ:അന്നൂർ)

മുസ്ലിം സ്ത്രീകൾക്കും പെൺ കുട്ടികൾക്കും അവരുടെ സൗന്ദര്യം മറച്ചുവെയ്ക്കണ്ടാത്ത ആളുകളുടെ ഒരു പട്ടികയും അല്ലാഹു(ത) നല്കുന്നു. അല്ലാഹു(ത) എല്ലാ കാര്യങ്ങളും നല്ലവണ്ണം അറി

യുന്നവനാണ്. അവനറിയാം നമുക്ക് നല്ലതായിട്ടുള്ളതേതാണെന്ന്! നമുക്കിനി നല്ലതല്ലാത്തതേതാണെന്നും അവന് നല്ലതുപോലെ അറിയാം. അവന്റെ ബുദ്ധിവൈഭവത്തിൽ നിന്നുമാണ് നമുക്ക് ഈ വിധികൾ അവൻ നല്കുന്നത്. അതുകൊണ്ട് ഈ നിയമത്തെ നാം ചോദ്യം ചെയ്യരുത്. അപ്പോൾ പിന്നെ എന്തുകൊണ്ടാണ് മുസ്ലിം സ്ത്രീകൾ അവന്റെ ഈ നിയമത്തെ അവഗണിക്കുന്നത്? ഒരു മുസ്ലിം എന്തുകൊണ്ടാണ് തന്റെ ഭാര്യയെ ഈ നിയമത്തിന്, അധ്യാപനത്തിന് എതിരായി പ്രവർത്തിക്കുവാൻ അനുവദിക്കുന്നത്? എന്തുകൊണ്ടാണ് മുസ്ലിം രക്ഷിതക്കൾ തങ്ങളുടെ അവിവാഹിതരായ പെൺമക്കൾ ഇത്തരം ഒരു രീതി പിന്തുടരുന്നതിനെ അനുവദിക്കുന്നത്? മുസ്ലിംകൾക്ക് മുന്നോട്ടു വെയ്ക്കുവാൻ തക്കതായ ഏതെങ്കിലും കാരണങ്ങളുണ്ടോ? നല്ല നിലയിൽ വസ്ത്രം ധരിക്കാതെ മറ്റു സമുദായങ്ങൾക്കിടയിലേക്ക് പോകുന്നതിനും അല്ലാഹുവിന്റെ നിയമത്തെ അനുസരിക്കാതിരിക്കുന്നതിനും!

ഒരു ദിവസം അസ്മാ (റ) ആയിശാ (റ)യുടെ സഹോദരി പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫ(സ)യുടെ മുൻപിൽ ലോല വസ്ത്രം ധരിച്ചുകൊണ്ട് പ്രത്യക്ഷപ്പെടുകയുണ്ടായി, അവരുടെ ശരീരത്തിന്റെ ആന്തരികഭാഗം കാണാൻ സാധ്യതയുള്ള നിലയിൽ! പരിശുദ്ധ പ്രവാചകൻ(സ) അവരോട് പറയുകയുണ്ടായി. ഹേ! അസ്മാ! ഒരു പെൺകുട്ടി, യൗവാനാരംഭമായാൽ, സ്വയം വെളിവാകുന്ന ഭാഗമല്ലതെയുള്ള ഭാഗങ്ങൾ കാണിക്കുന്നത് ശരിയായ കാര്യമല്ല. സ്വയം വെളിവാകുന്നതു എന്നതുകൊണ്ട് മുഖവും കയ്യും നബികരീം(സ) കാണിക്കുകയുണ്ടായി. എന്നാൽ ഇന്നത്തെ മുസ്ലിം സ്ത്രീകൾ അമുസ്ലിം സ്ത്രീകൾ വസ്ത്രധാരണം നടത്തുന്നതുപോലെയാണ് ചെയ്യുന്നത്. തീർച്ചയായും സമൂഹത്തിൽ എല്ലായിടത്തും എല്ലാ തിന്മകളും വ്യാപിക്കുവാനുള്ള എല്ലാ സാധ്യതയുമുണ്ട്. മുസ്ലിം ആരാണ്? മുസ്ലിം അല്ലാത്തതാരാണ് എന്ന് തിരിച്ചറിയാൻ കഴിയാത്ത അവസ്ഥയിലെത്തിയിരിക്കുന്നു. നാം ഇസ്ലാമിക രീതിയിലുള്ള വസ്ത്രധാരണത്തിലേക്ക് മടങ്ങിവരികയാണെങ്കിൽ മാത്രമെ, ഇപ്പോൾ പഴഞ്ചൻ ഏർപ്പാടായിട്ടാണ് ഇതിനെ സമൂഹം കാണുന്നത്, സമൂഹത്തിലെ തിന്മകൾ അപ്രത്യക്ഷമാവുകയുള്ളു. തിന്മയുടെ ആൾക്കാർ നശിച്ചൊടുങ്ങുകതന്നെ ചെയ്യും.

പരിശുദ്ധ പ്രവാചകൻ (സ) എന്തുപ്രബോധിച്ചുവോ അത് അദ്ദേഹം പ്രവർത്തിയിലൂടെ കാണിച്ചുകൊടുക്കുകയുണ്ടായി. അദ്ദേഹത്തിന്റെ അനുചരന്മാർ അദ്ദേഹത്തിന്റെ ചര്യയെ അപ്രകാരം പിന്തുടരുകയും ചെയ്തു. പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫ(സ) ഒരോ ചവിട്ടടിയും, മുസ്ലിംകൾക്ക്, ധാർമ്മികതയുടെ മാതൃകകളായിരുന്നു. അദ്ദേഹത്തിന്റെ അധ്യാപനങ്ങളിലെ ഓരോ വാക്കും ദൈവസായൂജ്യം നേടുന്നതിനുള്ള മാധ്യമവുമായിരുന്നു. ഇസ്ലാമിക മൂല്യങ്ങളെ കുറെശ്ശെയായി കഷണം കഷണമാക്കി മാറ്റിയാൽ, അവഗണിച്ചാൽ, ഈ പരിതാപകരമായ അവസ്ഥയ്ക്ക് മാറ്റം വരുത്തുവാൻ എന്ത് കാരണങ്ങളാണ്, പ്രതിവിധികളാണ് നമുക്ക് മുന്നോട്ട് വയ്ക്കുവാൻ കഴിയുക. പള്ളി ഇമാമുമാരെയും, പണ്ഡിതന്മാരേയും, മുസ്ലിം ദൈവ ശാസ്ത്രജ്ഞന്മാരെയുമാണ് ധാർമ്മികവും ആത്മീയവുമായ ഈ അധഃപതനത്തിന് കുറ്റപ്പെടുത്തേണ്ടത്. പണ്ഡിതന്മാർ എന്ന നിലയിലുള്ള അവരുടെ ഉത്തരവാദിത്വങ്ങൾ അവർ നിറവേറ്റുന്നില്ല. അവരുടെ ഉത്തരവാദിത്വങ്ങളെ അവർ അവഗണിച്ചു. അവർ പഠിച്ചത് അവർ പ്രബോധിച്ചില്ല. പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫ(സ)യുടെ സന്ദേശത്തെ യഥാർത്ഥ നിലയിൽ എത്തിക്കുന്നതിൽ അവർ പരാജയപ്പെട്ടു. ഒടുവിൽ അവർ ഗ്യാലറിയിലിരുന്ന് കളി തുടങ്ങി. (അതായത് പണക്കാർക്കും അധികാരമുള്ളവർക്കും പിന്നെ പൊതുജനാഭിരുചിക്കും വേണ്ടി നിലകൊണ്ടു.) അതുകൊണ്ട് അവർക്കിടയിലുണ്ടായിരുന്ന ജനസമ്മിതി അവർക്ക് നഷ്ടമായില്ല. ഈ ഖുത്തുബയിലൂടെ ഞാൻ പറയുന്നത് ശകലം അധികപ്പറ്റാണെന്ന് ചിലരെങ്കിലും കരുതാം. എന്നാൽ തെളിവ് നിസ്സാരമായി ഹാജരാക്കാവുന്നതാണ്. ഒരു മുസ്ലിം യുവാവിനോടു ചോദിക്കു ജനാബത്തുണ്ടായാൽ എങ്ങനെ സ്വയം ശുദ്ധീകരിക്കാം എന്നൊന്നു ചോദിക്കു. അതോടൊപ്പം ഇസ്ലാമിന്റെ വിശ്വാസപരമായ ചില അടിസ്ഥാന കാര്യങ്ങളെക്കുറിച്ചും ചോദിക്കു! ഉത്തരം ലഭിക്കില്ല. സാഹചര്യം എത്രമാത്രം അധഃപതിച്ചിരിക്കുന്നു എന്നും അജ്ഞതയുടെ ആഴം എത്രമാത്രമാണെന്നും നാം അപ്പോൾ തിരിച്ചറിയും!

ആയതിനാൽ, നമുക്ക് എല്ലാവർക്കും ചേർന്ന് ഒരു പ്രമേയം പാസ്സാക്കാം, ഒരു ഉറച്ച തീരുമാനത്തിലെത്തിച്ചേരാം. നമ്മുടെ

സൃഷ്ടാവിനോടുള്ള നമ്മുടെ ഉത്തരവാദിത്വം നിറവേറ്റുമെന്ന്! അവൻ അവന്റെ അളവറ്റ എണ്ണമറ്റ അനുഗ്രഹങ്ങൾ നമ്മുടെ മേൽ ചൊരിയുന്നതിന്! നാം അവന്റെ ഭൂമിയിലാണ് ജീവിക്കുന്നത്, അവന്റെ ഭക്ഷണമാണ് നാം കഴിക്കുന്നത്, നാം അവന് നന്ദി രേഖപ്പെടുത്തുന്നില്ല. അവനോടുള്ള ഉത്തരവാദിത്വം നിറവേറ്റിയില്ല എന്നതിന്റെ പേരിൽ ഏതെങ്കിലും ഒരു മനുഷ്യന്റെ, ഏതെങ്കിലും ഒരു ദിവസത്തെ അന്നം അവൻ മുട്ടിച്ചിട്ടുണ്ടോ? ഇല്ല, അവൻ (ദൈവം) അവന് വേണ്ടതെല്ലാം നല്കുന്നു. എന്നാൽ ഈ മനുഷ്യൻ മറന്നു പോകുന്നു. ഒരു ദിവസം ഈ അവഗണനയ്ക്ക് അവൻ കണക്കു പറയേണ്ടി വരും! എന്ന്!

ഇതു സംബന്ധമായി നിങ്ങൾ ആഴത്തിൽ ചിന്തിക്കുക. കരുണാവാരിധിയായ സൃഷ്ടാവ് നിങ്ങൾക്ക് നല്കിയ, നിങ്ങൾ വിലകല്പിക്കാത്ത നിധിയാണ്, ഇസ്ലാം. ഇന്ന് അമുസ്ലിം ഏകാധിപതികൾ ഇതിനെ ചവിട്ടി മെതിക്കുന്നു. മനുഷ്യാവകാശ ധ്വംസകരും അതിനെ വലിച്ചെറിഞ്ഞിരിക്കുന്നു. എന്നിരുന്നാലും നിഷ്ക്കളങ്കരായ കുറെ മുസ്ലിംകൾ, അവരുടെ ഇസ്ലാം ജീവിതത്തിൽ സമാധാനപരമായി ആചരിക്കുവാൻ അവർ ആഗ്രഹിക്കുന്നു. അതിനെ സംരക്ഷിക്കുവാൻ ആഗ്രഹിക്കുന്നു. അവർ അവരുടെ സ്വാതന്ത്ര്യം ആഗ്രഹിക്കുന്നു. സമധാനത്തോടെ ജീവിക്കുവാൻ ആഗ്രഹിക്കുന്നു. എന്നാൽ ക്രൂരന്മാരായ അമുസ്ലിം ഏകാധിപതികൾ, അവരുടെ അവകാശങ്ങളെ കവർന്നെടുക്കുന്നു. എന്നിട്ട് അവരെ അനിസ്ലാമിക സംസ്ക്കാരവും അവരുടെ വിശ്വാസവും പിന്തുടരുവാൻ കല്പിക്കുന്നു. മുസ്ലിം പെൺകുട്ടികളെ ഈ അമുസ്ലിംകൾ വിവാഹത്തിന് നിർബന്ധിക്കുന്നു. അങ്ങനെ അവരുടെ വിശ്വാസം കയ്യൊഴിയുവാൻ നിർബന്ധിക്കുന്നു. അമുസ്ലിംകൾക്ക് ജന്മം നല്കുവാൻ നിർബന്ധിക്കുന്നു. യഥാർത്ഥത്തിൽ ഇതാണ് ചൈനയിലെ സിൻജിയാംഗ് എന്ന സ്വയംഭരണ പ്രദേശത്ത് നടക്കുന്നത്. ഉഗൂർസ്കളും മുസ്ലിംകൾ ആണ്. ചൈനയിലെ ഒരു ന്യൂനപക്ഷമാണവർ, എന്നാൽ സിൻജിയാംഗ് പ്രവിശ്യയിൽ അവർ ഭൂരിപക്ഷമാണ്. ചൈനയുടെ വടക്കുപടിഞ്ഞാറുള്ള ഒരു പ്രദേശമാണിത്. തുർക്കി സംസാരിക്കുന്ന ഈ ആളുകളെ, ഉഗൂർ ജനതയെ കാസാക്കിസ്ഥാൻ, ഉസ്ബക്കിസ്ഥാൻ, കിർഗിസ്ഥാൻ, ടർക്കി എന്നിവിടങ്ങളിലും കാണാം.

മ്യാൻമാറി (ബർമ)ലെ റോയിംഗിയകളെപോലെ, വിശ്വാസത്തിന്റെ പേരിൽ ഈ മുസ്ലിംകളെ നിഷ്ഠൂരമായി പീഡിപ്പിക്കുകയാണ്. ചൈനീസ് ഭരണകൂടം അവരെ തടങ്കലിലാക്കിയിരിക്കുകയാണ്. രാഷ്ട്രീയ പുനർ വിദ്യാഭ്യാസ ക്യാംപുകളിൽ, അവരെ, ഭരണകൂടം ഇച്ഛിക്കുന്ന തരത്തിൽ മാറ്റി എടുക്കുന്നതിനായി. ഇസ്ലാമിനെ ഉപേക്ഷിക്കുന്നതിനായുള്ള ബോധ്യം വരുത്തുന്നതിനായി. ഇസ്ലാം ആചരിക്കുന്നതിൽ നിന്നും അവർ വിലക്കപ്പെട്ടിരിക്കുന്നു. പാക്കിസ്ഥാനിൽ ഇസ്ലാം ആചരിക്കുന്നതിൽ നിന്നും അഹ്മദികൾ വിലക്കപ്പെട്ടിരിക്കുന്നതുപോലെ! ഒരു പക്ഷേ അതിലും മോശമായ നിലയിൽ അവർ അവരുടെ വിശ്വാസത്തിന്റെ പേരിൽ അനേകം അതിക്രൂരമായ പീഡനങ്ങളിലൂടെ കടന്നുപോവുകയാണ്.

തീർച്ചയായും ദൈവീക വെളിപാടുകളിലൂടെ ഞാൻ നിങ്ങളോട് പറഞ്ഞതുപോലെ, ഈ ഈശ്വര നിന്ദകരായ ആളുകൾക്ക്, നിയമമില്ലാത്ത അവിശ്വാസികൾക്ക് (ദൈവീകദൃഷ്ടാന്താരംഭം മുതൽ ഞാൻ പറയുന്നതാണ്) അല്ലാഹുവിന്റെ കോപം അവരെ പിടികൂടുന്നതാണ്, ഓരോന്നരോന്നായി പിടികൂടുന്നതാണ്. കോറോണ വൈറസിന്റെ താണ്ഡവം ഏറ്റവും പ്രകടമായ ദൈവീക പ്രതികാരത്തിന്റെ തെളിവ് തന്നെയാണ്. (ഇതോടൊപ്പം ചേർത്തു വായിക്കേണ്ടതാണ്. ദൈവീക ദൃഷ്ടാന്താരംഭം മുതൽ പലതരത്തിലുള്ള അപകടകാരികളായ വൈറസുകൾ പ്രത്യക്ഷപ്പെട്ടിട്ടുണ്ട്.

ഇത് തീർച്ചയായും, നമുക്ക് എല്ലാ മുസ്ലിംകൾക്കും ഒരു പാഠമായിരിക്കണം, ഇസ്ലാമിനെ ഇല്ലായ്മ ചെയ്യുവാനായി ശക്തിപൂർവ്വം, അമുസ്ലിംകൾ ഇസ്ലാമിന്റെ നേരെ വന്നുകൊണ്ടിരിക്കുകയാണ്. ചിലർ ശക്തി ചെലുത്തുന്നു. മറ്റുചിലർ മധുരവാക്കുകൾ ഉരുവിടുന്നു. അവരുടെ സംസ്ക്കാരത്തിലേക്ക് നമ്മെ കൊണ്ടു പോകുന്നതിനായി; ഇസ്ലാമിനെ ഉപേക്ഷിക്കുവാൻ പ്രേരിപ്പിക്കുന്നു. ഭൗതിക നേട്ടത്തിനും സന്തോഷത്തിനുമായി!

വിവിധ രാജ്യങ്ങളിൽ പീഡനങ്ങൾ ഏറ്റുവാങ്ങുന്ന ന്യൂനപക്ഷമായ മുസ്ലിം സഹോദരീ സഹോദന്മാരെ കുറിച്ച് ഓർക്കുക. അവരുടെ അടിസ്ഥാനാവകാശമാണ് അവരുടെ വിശ്വാസം വെച്ചുപുലർത്തുവാനുള്ള അവകാശം. അത് ആചരിക്കുവാനുള്ള അവകാശം, ഈ മനുഷ്യാ

വകാശത്തിനു മേലുള്ള കടന്നുകയറ്റം തികഞ്ഞ ജാഗ്രതയോടെ കാണേണ്ടതാണ്!

അമുസ്ലിംകൾ ഇസ്ലാമിനെ അവർക്ക് ഒരപകടമായിട്ടാണ് കാണുന്നത്. ഇസ്ലാമിക വിജയത്തിലും സമൃദ്ധിയിലും ലോകത്തെ ആസ്വദിപ്പിക്കുന്നതിനെ അവർ ഭയപ്പെടുന്നു. അതുകൊണ്ട് ഉണരുക! ഇപ്പോൾ ഉറങ്ങേണ്ട സമയമല്ല. ഈ ലോക ജീവിതം വെറും താത്ക്കാലികമാണ്, അല്ലാഹുമായി ചേർത്തുവെച്ചാൽ, ഈ ലോകത്തെകൊണ്ട് നമുക്ക് യാതൊരു പ്രയോജനവുമില്ല, നിങ്ങൾക്ക് വിലയുള്ളതെന്താൽ അത് നിങ്ങളുടെ ഈമാനാണ്. നിങ്ങൾ ഇസ്ലാമിനെ സ്ഥാപിക്കുന്നതിനായി നിങ്ങൾ ചെയ്ത പ്രയത്നവും! നിങ്ങളുടെ ഇസ്ലാം! നിങ്ങളുടെ ഏകനായ ദൈവത്തിനു വേണ്ടി! (അല്ലാഹ്) അതുകൊണ്ട് നമുക്ക് അഭിപ്രായവ്യത്യാസങ്ങളൊക്കെ മാറ്റി വെയ്ക്കാം, മറക്കാം. അവൻ മുസ്ലിമല്ല എന്ന് നാം പറയരുത് ഒരുവൻ മുസ്ലിമാണെന്നു പറഞ്ഞാൽ! അവൻ അവന്റെ ദൈവത്തെയും മുഹമ്മദ് മുസ്തഫ(സ)യും സ്നേഹിക്കുന്നുവെങ്കിൽ ശാഹാദായിൽ അവന് ഉറച്ച് വിശ്വാസമുണ്ടെന്നിരിക്കെ (നമുക്ക് എങ്ങനെയാണ് അവൻ മുസ്ലിം അല്ലായെന്നു പറയാൻ കഴിയുക)

നിങ്ങൾ, മുസ്ലിംകൾ, ചുറ്റും നോക്കൂ! ഓരോന്നോരോന്നായി നിങ്ങളുടെ ഇസ്ലാമിക അവകാശങ്ങളെ എടുത്തുമാറ്റുകയാണ്. സ്ത്രീകൾ ഹിജാബ് ധരിക്കുന്നത് നിർത്തലാക്കുന്നു. ബാങ്ക് വിളിക്കുന്നതിന് തടസ്സങ്ങൾ സൃഷ്ടിക്കുന്നു. റമദാൻ മാസത്തിൽ വ്രതാനുഷ്ഠാനത്തിന് വിലക്കേർപ്പെടുത്തുന്നു. താടി വെയ്ക്കുന്നതിനെ തടയുന്നു. ഇസ്ലാമിക രീതിയൽ വസ്ത്രധാരണം ചെയ്യുന്നതിനെ വിലക്കുന്നു. കാരണം നിങ്ങളെ അവർ ഭീകരവാദികളായി ലക്ഷ്യമിട്ടിരിക്കുകയാണ്. നിങ്ങളിൽ നിന്നും ഇസ്ലാമിനെ എങ്ങനെയാണ് വലിച്ചുകീറി കളഞ്ഞതെന്ന് നിങ്ങൾ കാണുന്നില്ലേ? നിങ്ങളുടെ വിശ്വാസം എങ്ങനെ ആയിരിക്കണമെന്ന് ഈ ആളുകൾ നിശ്ചയിക്കട്ടെ എന്ന് നിങ്ങൾ തീരുമാനിച്ചിരിക്കുകയാണോ? അപ്പോൾ നാം ഒരിക്കലും ഒന്നായിതീരാൻ തയ്യാറല്ലേ? ഐക്യതയാണ് ബലം! മുസ്ലിംകൾ ഒന്നാകുന്നില്ലെങ്കിൽ, അല്ലാഹുവിൽ സമ്പൂർണ്ണമായി ഭരമേല്പിക്കുന്നില്ലെങ്കിൽ, മുസ്ലിംകൾ പീഡനങ്ങൾ ഏറ്റുവാങ്ങുന്നത് തുടർന്നു കൊണ്ടിരിക്കും.

അല്ലാഹു(ത) അവന്റെ ഖലീഫയെ നിങ്ങൾക്കായി അയച്ചിരിക്കുന്നു. അത് അല്ലാഹു(ത) തെരഞ്ഞെടുത്ത് അയച്ചതാണ്. നിങ്ങൾക്ക് മാർഗദർശനം നല്കുന്നതിനായി, നിങ്ങളുടെ സത്യസമരത്തിനു വേണ്ടിയും, ഇസ്ലാമിക സ്വാതന്ത്ര്യത്തിനു വേണ്ടിയും പോരാടുന്നതിനായി! തീർച്ചയായും ഖലീഫത്തുല്ലാഹ് നിങ്ങളെ നേർവഴിയിൽ മാർഗദർശനം നടത്തുന്നതാണ്. നിങ്ങൾ ഒരേ സ്വരത്തിൽ അല്ലാഹുവിനോട് പ്രാർത്ഥിക്കുകയാണെങ്കിൽ, മാലാഖമാർ ഇറങ്ങിവരും, ദൈവനിഷേധകരെ ഉന്മൂലനം ചെയ്യുന്നതിനായി! ഈ വിളികേട്ടില്ല എന്ന് നടിക്കരുത്! നിങ്ങളുടെ ഇസ്ലാമിനെ നിങ്ങൾ സംരക്ഷിക്കുക. നിങ്ങൾ താമസിച്ചുപോയി. ഇനി ഒട്ടും താമസിക്കരുത്. നമുക്കെല്ലാവർക്കും ഒരുമിച്ച് നിന്ന് പ്രാർത്ഥിക്കാം. നമ്മുടെ ഇസ്ലാമിന്റെ ശത്രുക്കൾ, മുസ്ലിംകളെ പീഡിപ്പിക്കുന്നവർ, തീർച്ചയായും ദൈവ കോപം അവർ രുചിക്കുകതന്നെ ചെയ്യും. അവന്റെ ശിക്ഷയും ശാപവും (അവരുടെ മേൽ ഉണ്ടാവുക തന്നെ ചെയ്യും)

അപ്പോൾ നമ്മുടെ ജീവിത രീതിക്ക് മാറ്റം വരുത്താം. ശരിയായ പാതയിലൂടെ നമുക്ക് മുന്നേറാം. നമുക്ക് അല്ലാഹുവിൽ മാത്രം പ്രതീക്ഷ അർപ്പിക്കാം. മുസ്ലിംകൾ ആയിതന്നെ ജീവിക്കുക! ഭയമില്ലാതെ, മുസ്ലിംകളായി തന്നെ മരിക്കുക.

പീഡിത മുസ്ലിംകളുടെ മേൽ അല്ലാഹു(ത)യുടെ കാരുണ്യമുണ്ടാകട്ടെ! സത്യനിഷേധികളുടെ പദ്ധതികളെ അവൻ മടക്കി അയയ്ക്കട്ടെ! കാരണം അവർ ക്രൂരമായ നിലയിൽ ഇസ്ലാമിനെ വെറുക്കുന്നവരാണ് വിജയവഴി അല്ലാഹു(ത) തുറക്കട്ടെ! മുസ്ലിം ഹൃദയങ്ങളിൽ കുറ്റമറ്റ ഐക്യം തുറക്കട്ടെ!

ഇൻശാ അല്ലാഹ് ! ആമീൻ.



*Translated & Issued By :*
*Mukarram R. Jamaludin Raother*
*Amir - Jamaat Ul Sahih Al Islam*
*South Zone - Kerala, India*
*E-mail : jamal.raother@gmail.com*
*Web : www.jamaat-ul-sahih-al-islam.com*
*Blog : www.sahih-al-islam.blogspot.in*